
# വിജ്ഞാനകൈരളി



# കേരളസമൂഹവും മലയാളനോവലും: ഘാതകവധം, പുല്ലേലിക്കുഞ്ചു എന്നീ കൃതികളിലൂടെ ഒരന്വേഷണം

ഡോ. സുനിത ടി.വി

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളീയജീവിതത്തെക്കുറിച്ചുള്ള വിവരശേഖരങ്ങൾ കൂടിയാണ് ആദ്യകാല മലയാളനോവലുകൾ. കേരളീയനവോത്ഥാനമെന്ന് വിശേഷിപ്പിക്കപ്പെടുന്ന പൗരാവകാശമുന്നേറ്റങ്ങൾക്ക് സമൂഹത്തെ പാകപ്പെടുത്തുകയും 'ആധുനിക'മായ ഒരു ദേശത്തെ വിഭാവനം ചെയ്യുകയും ചെയ്യുന്നു ഈ കൃതികൾ. എന്നാൽ കീഴാളരുടെയും സ്ത്രീകളുടെയും മാതൃകാനിർമ്മിതികളുടെ സന്ദർഭത്തിൽ പ്രതിലോമപ്രത്യയശാസ്ത്രം സൂക്ഷ്മമായി പ്രവർത്തിക്കുന്നത് കാണാതിരിക്കാനാവില്ല. ഘാതകവധം, പുല്ലേലിക്കുഞ്ചു എന്നീ കൃതികളെ അടിസ്ഥാനമാക്കി മേൽക്കൊടുത്ത വിഷയങ്ങളെ അപഗ്രഥിക്കുകയാണ് ഈ പഠനം.

## ഗാർഹികവൽക്കരണം

പരിരക്ഷിക്കാനും മ്യൂസിയവൽക്കരിക്കാനുമുള്ള മനുഷ്യപ്രവണതയെക്കുറിച്ച് പറഞ്ഞുകൊണ്ട് നോവലുകൾ മ്യൂസിയങ്ങളെപ്പോലെ സംസ്കാരത്തിന്റെ സൂക്ഷ്മാംശങ്ങളെ ശേഖരിച്ച് സംരക്ഷിക്കുന്നു എന്ന് പ്രമുഖ ടർക്കിഷ് നോവലിസ്റ്റ് ഒർഹാൻ പാമുക്ക് നിരീക്ഷിക്കുന്നു.[1] ആ യുക്തി പിന്തുടർന്നാൽ ഭാരതചരിത്രസന്ധിയിലെയും കേരളീയജീവിതത്തിന്റെയും സാമൂഹികാനുഭവങ്ങളുടെയും മ്യൂസിയങ്ങളാണ് കേരളീയനോവലുകൾ എന്ന് കണക്കാക്കാനാവും.

കൊളോണിയൽ ആധുനികത സൃഷ്ടിച്ച സാംസ്കാരികനവോത്ഥാനത്തിന്റെ പശ്ചാത്തലത്തിലാണ് മറ്റ് ഇന്ത്യൻ ഭാഷകളിലെന്നപോലെ മലയാളത്തിലും നോവലുൾപ്പെടെയുള്ള ഗദ്യജനു

നങ്ങൾ ഉൾപ്പെടെ പല മട്ടിൽ കേരളീയസമൂഹത്തെ ഗാർഹികവൽക്കരിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്ത കാലഘട്ടത്തിലാണ് മലയാളത്തിൽ വിവർത്തനരൂപത്തിൽ ഗദ്യകൃതികൾ വന്നുതുടങ്ങുന്നത്.

1840-കളിൽ ജോൺ ബനിയന്റെ പിൽഗ്രിംസ് പ്രോഗ്രസിന്റെ 2 തർജമകൾ (ജോസഫ് പീറ്റ് - പരദേശി മോക്ഷയാത്ര 1847, റവ. സി. മുള്ളർ സഞ്ചാരിയുടെ പ്രയാണം 1849), 1858-ൽ ഫുൽമോനി എന്നും കോരുണ എന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ (കാതറിൻ ഹന്ന മുല്ലെൻസ്), 1866-ൽ ആൾമാറാട്ടം (കല്ലൂർ ഉമ്മൻ പീലിപ്പോസ് - ഷേക്സ്പിയർ നാടകം കോമഡി ഓഫ് എറേഴ്സിന്റെ വിവർത്തനം) എന്നിവയൊക്കെ മലയാളത്തിൽ പ്രത്യക്ഷപ്പെടുന്നു.

തുടർന്നാണ് മലയാളത്തിൽ രചിക്കപ്പെട്ട ആദ്യ നോവൽമാതൃക എന്നു വിളിക്കാവുന്ന ഡി.ഡി. ആർച്ച്ഡീക്കൻ കോശിയുടെ പുല്ലേലിക്കുഞ്ചു ജനാനനി

കൊളോണിയൽ ആധുനികത സൃഷ്ടിച്ച സാംസ്കാരികനവോത്ഥാനത്തിന്റെ പശ്ചാത്തലത്തിലാണ് മറ്റ് ഇന്ത്യൻ ഭാഷകളിലെന്നപോലെ മലയാളത്തിലും നോവലുൾപ്പെടെയുള്ള ഗദ്യജനുസ്സുകൾ പിറവിയെടുത്തത്.




ന്നുകയും കോളേജും പ്രസ്സും
ം ഒക്കെ ചെയ്യുമ്പോൾ സ്ത്രീകൾ
ൾന്ന് മറ്റ് ദളിത് സ്ത്രീകളോട്
ംവർക്കായി ചെറുപള്ളിക്കൂട
ക്കെ ചെയ്തു. (ഇങ്ങനെ ഒരു
സ് മൊറ്റ് കോളിൻസ് നട
അവർ സമാഹരിച്ച അറിവു
വലിയ സാഹസങ്ങൾപോലു
ക്കാനുള്ള സാഹചര്യം
വർ എഴുത്തിലൂടെ അത്
ാതറിൻ ഹന്ന മുല്ലൻസും
ൻസും ഒക്കെ നടത്തിയ
ളി വ്യാഖ്യാനിക്കാം.
ായികാകേന്ദ്രിതമായ
ല നായകൻ? കോശി
ലനോവലിലെ ആദ്യ
വർഗനായകനായ
ിതനെക്കാളും ആദ്യാ
ലരിക്കുന്നത് മറിയ
ക്കപ്പെട്ട ഇരുവരെ
പ്പെടുമ്പോൾ തന്റെ
തിരെ (കല്യാണി
ികരിക്കുകയോ,
ാളവിടങ്ങളിൽ
ാം മറന്നുകൂടാ.
യ ബലി നൽ
കണ്ടില്ലെന്ന്
ട് അവർക്ക
ുണ്ടായില്ല.
ത്ര പഠിപ്പി
ി അവൾ
ഒരിയെന്നു
ുള്ളവരെ
ച്ചുനോട്
ിപ്പിക്ക
ാനിനി
ച്ചവാർ
ക്കുന്നു
സവും
ുന്ന
വർ.
മര
വെ
ൾ
ത

ഭാര്യയാണ് മറിയം അപ്പനോടു പറയുന്നത് കേൾക്കുക: "എന്നേക്കാൾ മിടുക്കും ബുദ്ധിയും കാര്യവും സാവധാനവുമുള്ളവനായി എന്നെ സന്തോഷത്തിൽ നടത്തുവാൻ കഴിയുന്ന ഒരാൾ എന്നെ കെട്ടിയില്ലെങ്കിൽ ഞാൻ അശേഷം ദുർമാർഗക്കാരി ആയിപ്പോകുമെന്നുള്ളതു എനിക്കു നല്ലപോലെ അറിയാം" (പു. 56). മാത്രമല്ല തന്റെ അമ്മയ്ക്ക് സ്ത്രീധനം ഇല്ലാതിരുന്നിട്ടും അപ്പൻ അമ്മയെ അടിക്കയോ പാത്രങ്ങൾ നല്ലവണ്ണം കഴുകാത്തതിനു മുടിക്കു പിടിച്ചുവലിക്കയോ പുസ്തകം വായിച്ചു കണ്ടാൽ വലിച്ചുകീറുകയോ ചെയ്യാത്തതിനു അപ്പനോട് അഭിമാനമായി സംസാരിക്കുന്നുമുണ്ട്. പ്രൊട്ടസ്റ്റന്റ് പാസ്റ്റിയുടെ ഭാര്യയുടെ സ്വഭാവമാറ്റവും നോവലിസ്റ്റ് അവതരിപ്പിക്കുന്നു. അയൽവാസികളോടു സംവാദിച്ച് നാട്ടിലുള്ള അനാവശ്യങ്ങളിൽ സമയം കളഞ്ഞിരുന്നവൾ അതെല്ലാം നിർത്തി വീട്ടിലിരുന്ന് പ്രാർഥനയും വൃത്തിയാക്കലും ആയിട്ട് കഴിയുന്നുണ്ടു. "ദൈവത്തിന്റെ പൈതൽ യേശുക്രിസ്തുവിനെയും അവന്റെ കുരിശിലെ മരണത്തെയും അല്ലാതെ മറ്റൊന്നും അറിവാൻ ആഗ്രഹിക്കരുത്" ഇങ്ങനെ ഈ നോവലിലൂടെ മാതൃത്വത്തിന്റെ എല്ലാ ഗുണവും പ്രൊട്ടസ്റ്റന്റ് മാതൃകകളും ആയി അവതരിപ്പിക്കപ്പെട്ട രണ്ടു പേരിലൂടെയും (മറിയവും പാലൂസും) മറ്റനേകം കഥാപാത്രങ്ങളിലൂടെയും സന്ദർഭികമായും അല്ലാതെയും കഥാകൃത്ത് നേരിട്ടും അനുസരണയുടെയും വിധേയപ്പെടലിന്റെയും ഒരു മാതൃകാപദ്ധതി നമ്മുടെ മുമ്പിൽവയ്ക്കുന്നു. മതപരിവർത്തനത്തിനൊപ്പം മൂല്യപരിവർത്തനവും - സമഗ്രമായ മൂല്യപരിവർത്തനം - കഥാകാരി ഉന്നംവയ്ക്കുന്നു. ആ പുതിയ മൂല്യവ്യവസ്ഥ വർഗസംഘർഷങ്ങളെയും ലിംഗപദവിപ്രശ്നങ്ങളെയും ദമനം ചെയ്യുന്നതും പലപ്പോഴും വിരുദ്ധവുമായ പ്രത്യയശാസ്ത്രം ഉള്ളടങ്ങിയിട്ടുള്ളതുമാണ്.

## പുല്ലേലിക്കുഞ്ചു (1882)

ആർച്ച്ഡീക്കൻ കോശി ഡിഡി. 1882-ൽ പ്രസിദ്ധീകരിച്ച ഒരു മതകേന്ദ്രിതമായ സംവാദകൃതിയാണ് പുല്ലേലിക്കുഞ്ചു. ക്രിസ്ത്യാനിയായ ഒരു മുതൽപ്പിടിക്കാരന്റെ കാഴ്ചയിലൂടെയാണ് കഥ ആഖ്യാനം ചെയ്യപ്പെടുന്നത്. യഥാസ്ഥിതികനും നല്ലവനുമായ ശങ്കരിക്കപ്പള്ളിൽ രാമപ്പണിക്കർ, ഉൽപതിഷ്ണുവും ക്രിസ്തുമതവിശ്വാസിയുമായ പുല്ലേലിക്കുഞ്ചുപ്പിള്ള, ശാമ അണ്ണാവി എന്ന തനിയാഥാസ്ഥിതികനായ തമിഴ് ബ്രാഹ്മണൻ, നെടുവേലിമനയ്ക്കലെ മൂത്ത നമ്പൂതിരിപ്പാട് എന്നിവരൊക്കെ മൂന്നു ഭാഗങ്ങളുള്ള




കുഞ്ചുപിള്ളയും പണിക്കരും ബൈബിൾ വായനയും എല്ലാവരും താന്താങ്ങളുടെ വഴിക്ക് പോകുന്നതോടെ കൃതി അവസാനിക്കുന്നു. ഡോ. ജോർജ് ഇരുമ്പയം ഇതിനെ 'കഥയില്ലാക്കഥ' എന്നാണ് വിശേഷിപ്പിച്ചത് (1982:33). 1850-കളിൽ ഉന്നതമതവിദ്യാഭ്യാസം നേടിയ സുറിയാനിക്കാർ വീട്ടിലും പള്ളിയിലും വഴിയിലുമൊക്കെ വച്ച് ക്രിസ്തുമതത്തിന്റെ മേന്മകളെ വാഴ്ത്തിക്കൊണ്ടും ഹിന്ദുമതത്തിലെ ജാതിഭേദം, ബിംബാരാധന, സംബന്ധസമ്പ്രദായം എന്നിവയെ ഇകഴ്ത്തിക്കൊണ്ടും ഉള്ള സംവാദങ്ങൾ ഉയർന്ന ജാതി ഹിന്ദുക്കളുമായി നടത്തിയിരുന്നു. അത്തരമൊരു സംവാദമാണിതിന് ആവിഷ്കരിച്ചതെന്നും ഇരുമ്പയം നിരീക്ഷിക്കുന്നു.

ഘാതകവധത്തിൽനിന്നു പുല്ലേലിക്കുഞ്ചുവിനുള്ള മേന്മ പാത്രസൃഷ്ടിയിലും സംഭാഷണരചനയിലുമുള്ള സ്വാഭാവികതയും നൈപുണ്യവുമാണ്. ഘാതകവധത്തെ അപേക്ഷിച്ച് ഇതിൽ ആധുനികമായ ഭാഷയും ശൈലിയുമാണുള്ളത്. ദളിതരുടെ അക്കാലത്തെ ദൈന്യത്തെപ്പറ്റി ഈ കൃതി ആവിഷ്കരിക്കുന്നത് അങ്ങേയറ്റം ദുഃഖം ജനിപ്പിക്കുന്ന രീതിയിലാണ്. 'പുലയൻ പാലൂസ്'ന്റെ ജീവിതകഥ പ്രമേയമായെടുത്തിട്ടുപോലും ആ വിഭാഗക്കാരുടെ ദൈന്യം ഇത്ര ഹൃദയസ്പർശകമായി ആവിഷ്കരിക്കാൻ മിസ്സിസ് കോളിൻസിന് കഴിഞ്ഞില്ല" എന്ന് ജോർജ് ഇരുമ്പയം മലയാളനോവൽ 19-ാം നൂറ്റാണ്ടിൽ എന്ന കൃതിയിൽ നിരീക്ഷിക്കുന്നു (2012: 59).

കഥാപാത്രങ്ങളുടെ മാനസികവ്യാപാരങ്ങളെ അവതരിപ്പിച്ചില്ല എന്നതും ഇതിലൊരു കഥയില്ല എന്നതും ഇതിന്റെ പോരായ്മയാണ്. ഇതിൽ സ്ത്രീകഥാപാത്രങ്ങൾ ആരുമില്ല. എന്നാലും സ്ത്രീകളെ സംബന്ധിച്ച ചില സങ്കല്പങ്ങൾ ഗ്രന്ഥകാരൻ മുന്നോട്ടുവയ്ക്കുന്നു. 'പാതിവ്രത്യം എന്ന മഹാസുകൃതം' പാലിക്കേണ്ടവരാണ് സ്ത്രീകൾ എന്നും അത് മാറന്നിനും ശീലനിക്കിലാവും ബ്രാഹ്മണരുടെ നഗ്നരൂപം (കളിക്കടവിലും മറ്റും) കണ്ടാലും ഒരുക്ക പൊയ്പ്പോവുന്നതാണെന്നും കുഞ്ചു പറയുന്നുണ്ട്.

ഇന്ദുലേഖയിലെ പതിനെട്ടാമധ്യായത്തെ ഓർമിപ്പിക്കുന്ന ഈ കൃതി (രണ്ടിലും സ്ത്രീകളില്ല) ഗൗരവപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നിടത്ത് - പൊതുമണ്ഡലത്തിൽ - സ്ത്രീകൾക്കിടമില്ല എന്ന സങ്കല്പത്തിനാണ് അടിവരയിടുന്നത് 'ദാർശനിക/

ഘാതകവധത്തിൽ നിന്നു പുല്ലേലിക്കുഞ്ചുവിനുള്ള മേന്മ പാത്രസൃഷ്ടിയിലും സംഭാഷണരചനയിലുമുള്ള സ്വാഭാവികതയും


നിന്ന് പിന്തിരിയുകയും അവളുടെ താൽപ്പര്യപ്രകാരം, പ്രൊട്ടസ്റ്റന്റ് പാതിരിയുമായി വിവാഹം നടത്തിക്കൊടുക്കുകയും ചെയ്യുന്നു. മകളുടെ വിവാഹശേഷം പൗലോസും പ്രൊട്ടസ്റ്റന്റ് സഭയിൽ ചേരാൻ പോകുന്നു. ബ്രാഹ്മണനും മറ്റുള്ളവരും തുല്യരായി പെരുമാറുന്നു, ഇത്രയുമാണ് കഥാചുരുക്കം.

ബഹുവിധ പാരായണസാധ്യതകളുള്ളതാണ് ഈ നോവൽ. മലയാളത്തിലെ ആദ്യത്തെ ദളിത് നോവലുമാണിത്.

1840-കളിൽ പ്രൊട്ടസ്റ്റന്റ് മിഷനറിമാർ ഇവിടുത്തെ ജാതി അടിമത്തത്തെക്കുറിച്ച് സവിസ്തരമായി പഠിക്കുകയും ധാരാളം എഴുതുകയും ചെയ്തു. അവരുടെ നിരന്തരമായ ഇടപെടലുകൾ കൊണ്ടുകൂടിയാണ് 1855-ൽ തിരുവിതാംകൂറിൽ അടിമത്തം നിരോധിച്ചത്. സി.എം.എസ്., എൽ.എം.എസ്. ബാസൽ മിഷൻ തുടങ്ങിയ മിഷനറി സംഘങ്ങളുടെ നേതൃത്വത്തിൽ 1806 മുതൽ തന്നെ സ്കൂളുകൾ ആരംഭിക്കുന്നുണ്ട്. 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ തിരുവിതാംകൂറിൽ സർക്കാർ വിദ്യാലയങ്ങളിലുള്ളതിനേക്കാൾ 13 ഇരട്ടിയോളം വരും വിവിധ ക്രിസ്ത്യൻ വിദ്യാലയങ്ങളിലെ കുട്ടികൾ എന്ന് ഷാജി ജേക്കബ് ചൂണ്ടിക്കാണിക്കുന്നു (2012:13). പഠിക്കാനുള്ള സൗകര്യത്തിനുവേണ്ടി മതപരിവർത്തനം ചെയ്യുന്നവരുടെ ആധിക്യത്തെപ്പറ്റി റോബിൻ ജെഫ്രി എഴുതുന്നുണ്ട്.

"19-ാം നൂറ്റാണ്ടിൽ അധഃകൃതരെന്ന് വിളിക്കപ്പെട്ട ജാതികളിൽ നിന്ന് ക്രിസ്തുമതത്തിലേക്കും ഇസ്ലാമിലേക്കും വളരെപ്പേർ മതം മാറുകയുണ്ടായി. കേരളത്തിന്റെ സവിശേഷപരിതസ്ഥിതിയിൽ ആധുനികതയുടെ പരികൽപ്പന അമാനവീകരിക്കപ്പെട്ടു കിടക്കുന്ന അടിമകളുടെ അതിജീവനത്തിനായുള്ള സംഘർഷവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഹൈന്ദവമതത്തിനുള്ളിൽ പുതിയൊരു കർതൃത്വം ഇവർക്കായി ഉണ്ടാകുകയില്ലെന്നറിഞ്ഞുകൊണ്ടാണ് മതപരിവർത്തനത്തിന്റെ വഴി ഇവർ സ്വീകരിച്ചത്" (ഇ.വി. രാമകൃഷ്ണൻ 2017:89). എന്നുവച്ചാൽ ഏകപക്ഷീയമായ ഒരു മതപരിവർത്തനശ്രമമോ കൊളോണിയൽ അജണ്ടയോ മാത്രമായിട്ടല്ല, സ്വയം നവീകരിക്കാനും ആധുനികസത്വത്തിലേക്കുണരാനുമുള്ള ദളിതരുടെ സ്വേച്ഛാപരമായ തിരഞ്ഞെടുപ്പ് കൂടിയായി ഈ മതപരിവർത്തനങ്ങളെ വായിക്കണമെന്നർഥം.

ദിലീപ് മേനോൻ അതിനെ ഇങ്ങനെ സ്ഥാനപ്പെടുത്തുന്നു: "പരിവർത്തനത്തിന്റെ കൊളോണിയൽ കാറ്റ് ആഞ്ഞടിക്കുമ്പോൾ എന്ത് ആശ്വാസമാണ് തീണ്ടിക്കൂടാത്തവർക്ക് ഹൈന്ദവപാരമ്പര്യം കീഴാളരോ പുറംജാതിക്കാരോ ആണ് പാരമ്പര്യമെന്ന അനുഭവം തന്നെ ഇവർക്ക് ദുർലഭമോ അപ്രാപ്യമോ ആണ്" (2014:102). അതുകൊണ്ടുതന്നെ കൊളോണിയൽ ആധുനികതയുടെ (മതപരമോ അല്ലാത്തതോ ഒക്കെയായ) പ്രലോഭനങ്ങൾ തങ്ങളെ ഒഴിവാക്കി നിർത്തുന്ന പാരമ്പര്യത്തിന്റെ ആശ്വാസങ്ങളേക്കാൾ ദളിതർക്ക് സ്വീകാര്യമായി മാറി. പാരമ്പര്യവാദവും ബ്രാഹ്മണമതവുമായുള്ള അഭിമുഖീകരണങ്ങളിൽ നിന്ന് അതിന്റെ നിരാസത്തിലേക്ക് ദളിതർ പരിണമിച്ചതിന്റെ വഴികൾ ദിലീപ് മേനോൻ വരച്ചിടുന്നു. പാരമ്പര്യത്തിനുള്ളിൽ ഇടം കണ്ടെത്താൻ കഴിയാത്തവർ മതത്തിനു പുറത്തേക്ക് പോവുന്നതിന്റെയും അങ്ങനെ നിയമവാഴ്ചയാലും വ്യക്തിയുടെ ചലനാത്മകസാധ്യതകളാലും അടയാളപ്പെടുത്തപ്പെട്ട കൊളോണിയൽ ആധുനികതയുടെ ഇടത്തിലേക്ക് കേരളത്തിലെ ദളിതർ പ്രവേശിക്കുന്നതിന്റെയും കഥയാണ് ഘാതകവധം ഉൾപ്പെടെയുള്ള ദളിത് നോവലുകൾ കാട്ടിത്തരുന്നത്.




വിമോചകമെന്ന് കരുതപ്പെട്ട ഈ ഇടത്തിലേക്കാണ് ക്രിസ്തുമതത്തിലെ രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള അഭിപ്രായഭിന്നത ക്രൈസ്തവ ജാതിവിവേചനത്തെച്ചൊല്ലി പ്രകടമാവുന്നത്. സവർണരെന്ന് കരുതിപ്പോന്ന സുറിയാനിക്രിസ്ത്യാനികൾ ക്രിസ്തുമതത്തിൽ ചേർന്ന ദളിതർക്ക് അയിത്തം കൽപ്പിച്ചപ്പോൾ പ്രൊട്ടസ്റ്റന്റ് മിഷനറിമാർ അതിനെ എതിർത്തു. വംശശുദ്ധിവാദവും സമത്വവാദവും തമ്മിലുള്ള സംഘർഷം ക്രിസ്തുമതത്തിനുള്ളിലെ തന്നെ സംഘർഷമാണ്. ഈ സംഘർഷമാണ് ഘാതകവധത്തിന്റെ പ്രമേയവും പശ്ചാത്തലവും. (1599-ലെ കൂനൻകുരിശുസത്യത്തിൽ ഇത് വിഷയമാണല്ലോ).

പുതുതായി ക്രിസ്തുമതത്തിൽ ചേർന്ന ദളിതർ ശാബത്തുദിവസമായ ഞായറാഴ്ച പണിയെടുക്കാൻ തയാറായിരുന്നില്ല. ഇതുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷങ്ങളിൽ സമത്വവാദക്കാരായ പ്രൊട്ടസ്റ്റന്റുകാർ തൊഴിലാളികൾക്കൊപ്പം നിലയുറപ്പിച്ചു. ഘാതകവധത്തെ സംഘർഷഭരിതമാക്കുന്നതും ഹിന്ദു/ക്രിസ്ത്യൻ സംഘർഷമല്ല, സുറിയാനി-പ്രൊട്ടസ്റ്റന്റ് സംഘർഷമാണ്. ദളിതർക്ക് സുറിയാനികൾ

വിമോചകമെന്ന് കരുതപ്പെട്ട ഈ ഇടത്തിലേക്കാണ് ക്രിസ്തുമതത്തിലെ രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള അഭിപ്രായഭിന്നത ക്രൈസ്തവജാതി വിവേചനത്തെച്ചൊല്ലി പ്രകടമാവുന്നത്. സവർണരെന്ന് കരുതിപ്പോന്ന സുറിയാനി ക്രിസ്ത്യാനികൾ

ദത്തിന്റെ

ിലെ മധ്യകേരളത്തിലെ
ങ്ങളെയും ആചാരങ്ങ
ഷണശൈലികളെയും
ള ധാരാളം സൂചനകൾ
തന്നെയാണ് മേൽപ്പറ
ായി വായിക്കുമ്പോഴും
ിവായിക്കുമ്പോഴും 19-ാം
ി (എല്ലാ നോവലുകളും)
ബന്ധപ്പെട്ട സാമൂഹികപരി
പാകപ്പെട്ടതാണ് എന്ന
ി കാണാം. പാരമ്പര്യം/
ം/ദേശീയത, മേലാളർ/
ർണർ, പുരുഷൻ/സ്ത്രീ,
ത്വം/അടിമത്തം, ജന്മി
ാത്യം/പൗരസ്ത്യം തുടങ്ങി
ംഘർഷത്തിലും സംവാ
ുകയ് ഇവയിൽ ദർശി
തിയൻ കീഴാളരുടെയും
ലങ്ങൾ കൂടി ചേർത്തുവ
വ്യാസങ്ങൾ ഇല്ലാത്ത;
ഷണകേന്ദ്രിതമല്ലാത്ത
മതപരിവർത്തനത്തി
ഥന ചെയ്യുന്നു. വരേണ്യ
ഉദ്ദേശ്യതന്ത്രങ്ങളെ
ന്തപ്പട്ടിയും. അതുവഴി
പത്യവൽക്കരിക്കപ്പെട്ട
ാരങ്ങൾ ഇവ ഉൽപ്പാ
അഭിമുഖീകരിക്കുന്നതി
ത്യപരിണാമങ്ങളിലേക്കും
ഷ്യത്വത്തിലേക്കും പ്രവേ
സമൂഹസ്വഭാവത്തെ ഈ
ചയുന്നു. എന്നാലും ഇവ
ലയപ്പെടലിന്റെയും തെ
ശ്ലിതപ്രത്യയശാസ്ത്രം കി
മാതൃകാനിർമിതിക്ക
നാതിരിക്കാൻ സാധ്യമ
(ഇരട്ടമുഖത്വം) ഇന്നും
പ്പെട്ടിട്ടില്ല. വികസന
ലെ അന്ന് പുരുഷാധിപ
ളുടെയും കേരളമാതൃക
യാണം ചെയ്തുകൊണ്ടി

3. പ്രത്യക്ഷത്തിൽ കാണില്ല. സൂക്ഷ്മതലത്തിൽ വളരെയധികം - വായിക്കില്ല, പ്രവൃത്തിയിലുണ്ട്

## സഹായകസ്രോതസ്സുകൾ


1. രാമകൃഷ്ണൻ, ഇ.വി. 2018. 'മലയാളഭാഷയിലെ നോവൽ പത്തൊൻപതാം നൂറ്റാണ്ടിൽ', മലയാളനോവലിന്റെ ദേശകാലങ്ങൾ. കോഴിക്കോട്: മാതൃഭൂമി.
2. പണിക്കർ, കെ.എൻ. 2014. 'പുതിയ സാംസ്കാരികാഭിരുചിയുടെ നിർമിതി: പത്തൊൻപതാം നൂറ്റാണ്ടിലെ ഒരു മലയാളനോവലിന്റെ വായന' സാംസ്കാരികവിമർശവും മലയാളഭാവനയും, എഡി: ഷാജി ജേക്കബ്. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
3. ദിലീപ് എം. മേനോൻ. 2014. 'ജാതിയും കൊളോണിയൽ ആധുനികതയും: സരസ്വതീവിജയം വീണ്ടും വായിക്കുമ്പോൾ' സാംസ്കാരികവിമർശവും മലയാളഭാവനയും, എഡി: ഷാജി ജേക്കബ്. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
4. ഷാജി ജേക്കബ്. 2008. 'ഘാതകവധം - ചരിത്രം, സംസ്കാരം', നോവലും സംസ്കാരവും. കോഴിക്കോട്: പാപ്പിറസ് ബുക്സ്.
5. സുധീഷ്, എസ്. 2016. 'ദളിതന്റെ രക്ഷാപ്രവർത്തനം: ഘാതകവധം മുതൽ അന്ധതിരോയി വരെ', ചരിത്രവും ഭാവനയും നോവൽകലയിൽ. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
6. ജോർജ് ഇരുമ്പയം. 1982. ആദ്യകാല മലയാള നോവൽ, കോട്ടയം: കറന്റ് ബുക്സ്.
7. ജോർജ് ഇരുമ്പയം. 2012. മലയാളനോവൽ പത്തൊമ്പതാംനൂറ്റാണ്ടിൽ. കോട്ടയം: കറന്റ് ബുക്സ്.
8. തോമസ്, ഇരുമ്പൻ. 2011 (1984). മലയാളനോവലിന്റെ വേരുകൾ. കോട്ടയം: എസ്.പി.സി.എസ്.
9. റിച്ചാർഡ് കോളിൻസ്, മിസ്സിസ്. 2013 (1877). ഘാതകവധം. തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്.
10. കോശി, ആർച്ച്ഡീക്കൻ. 2007 (1882). പുല്ലേലികുഞ്ചു. കോട്ടയം: പാപ്പിറസ് ബുക്സ്.
11. തോമസ്, യാക്കോബ്. 2019. 'മറിയം: കേരളീയ ഇന്ദുലേഖാ കേന്ദ്രീകൃത ആഖ്യാനങ്ങളുടെ എതിർപക്ഷം', മലയാളനോവൽ: സമകാലികവായനയും വിചാരവും, ഭൂമിമലയാളം റിസർച്ച് ജേണൽ പു: 11, ല: 1, എഡി. ഡോ. സജ്ജു മാത്യു. ആലുവ: വിദ്വാൻ പി.ജി. നായർ സ്മാരക ഗവേഷണകേന്ദ്രം.
12. അച്യുതൻ, കെ.എം. 1990 (1978). മലയാളനോവൽ സാഹിത്യചരിത്രം. തൃശൂർ: കേരളസാഹിത്യഅ


G

ഒരു പ്രത്യേ
മേറിയതു
ഗവേഷണം
ങ്ങളായ
ങ്ങൾക്ക ഒഴി
പ്രസിദ്ധീകര
ളാലും ശൈ
സമ്മിശ്രമാ
ക്കാതെ വി
ഇത്തരം പ്ര
യിൽ പുത
എന്നാൽ ന